**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3860** | **27-10-2021 - ൽ മറുപടിയ്ക്ക്**

**ജയിൽ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ജയിലുകളിൽ നിന്നും തടവുപുള്ളികൾ ചാടിപ്പോയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം എത്ര; ഇങ്ങനെ ജയിൽ ചാടിയവരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വിവിധ ജയിലുകളിൽ നിന്നും 105 പേർ തടവ് ചാടിയിട്ടുണ്ട്.ഈ സംഭവങ്ങളിൽ 85 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ജയിലുകളിൽ നിന്നും ആയുധങ്ങൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ കേസ്സുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ ജയിലുകളിൽ നിന്നും ആയുധങ്ങൾ കണ്ടെത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്തെ ജയിലുകളിൽ സുരക്ഷാ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജയിലുകളിലെ സുരക്ഷാവീഴ്ച പരിഹരിക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഇല്ല. സംസ്ഥാനത്തെ എല്ലാ ജയിലുകളിലും മതിയായ സുരക്ഷ ഒരുക്കുന്നതിനും ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. പുതിയ തസ്തികകൾ.

സുരക്ഷ ഉറപ്പുവരുത്തുന്നതിന് തടവുകാരുടെ എണ്ണത്തിന് അനുപാതികമായി ജീവനക്കാരെ നിയോഗിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി കഴിഞ്ഞ 5 വർഷത്തിനിടെ 272 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളും 103 ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

### 2. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ അത്യന്താധുനിക സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുക.

ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ സി.സി.ടി.വി സിസ്റ്റം. വീഡിയോകോൺഫറൻസിംഗ് സംവിധാനം, പവ്വർഫെൻസിംഗ്, മെറ്റൽ ഡിറ്റക്ടർ, ബാഗ്ഗേജ് സ്കാനർ തുടങ്ങിയവ ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

#### i. സി.സി.ടി.വി സിസ്റ്റം

ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, തടവുചാട്ടം പോലുള്ളവ തടയുന്നതിനും, ജയിലുകളിൽ തടവുകാർ തമ്മിലുള്ള സംഘർഷം തടയുന്നതിനും മുഴുവൻ സമയ സർവ്വെയലൻസ് ഉറപ്പു വരുത്തുന്നതിന് സി.സി.ടി.വി സിസ്റ്റം ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 55 ജയിലുകളിൽ വിയ്യൂർ സെൻട്രൽ പ്രിസൺ ,ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, പത്തനംതിട്ട ജില്ലാ ജയിൽ എന്നിവ ഒഴികെയുള്ള 52 ജയിലുകളിലും സി.സി.ടി.വി സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

വിയ്യൂർ സെൻട്രൽ പ്രിസണിലെ കാലപ്പഴക്കത്താൽ തകരാറിലായ സി.സി.ടി.വി സിസ്റ്റം മാറ്റി സ്ഥാപിക്കുന്നതിനുള്ള 96.10 ലക്ഷം രൂപയുടെ (തൊണ്ണൂറ്റിയാറ് ലക്ഷത്തി പതിനായിരം) പ്രവൃത്തി പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുന്ന പ്രസ്തുത പ്രവൃത്തി 40% പൂർത്തിയാക്കിയിട്ടുള്ളതാകുന്നു.

പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിലിൽ പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിനുള്ള 25 ലക്ഷം (ഇരുപത്തയഞ്ച് ലക്ഷം) രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു.

പത്തനംതിട്ട ജില്ലാ ജയിലിന് പുതിയ കെട്ടിട നിർമ്മാണം നടക്കുന്നതിനാൽ തടവുകാരെ പാർപ്പിക്കുന്നില്ല.

#### ii. വീഡിയോകോൺഫറൻസിംഗ് സംവിധാനം

തടവുകാരെ കോടതിയിൽ ഹാജരാക്കുവാൻ കൊണ്ടുപോകുന്ന സന്ദർഭങ്ങളിൽ സുരക്ഷാ ഉദ്യോഗസ്ഥരിൽ നിന്നും തടവുകാർ രക്ഷപെടുന്ന സന്ദർഭങ്ങളുണ്ടാകാറുണ്ട്. മാത്രമല്ല കോടതിയിൽ ഹാജരായി തിരികെ വരുന്ന സന്ദർഭങ്ങളിൽ ജയിൽ നിരോധിത വസ്തുക്കളായ മൊബൈൽ ഫോൺ, കഞ്ചാവ്, മയക്ക് മരുന്ന്, ചെറിയ ആയുധങ്ങൾ എന്നിവ തങ്ങളുടെ സ്വകാര്യഭാഗങ്ങളിൽ വച്ച് തടവുകാർ ജയിലിലെത്തിക്കാറുണ്ട്. ഇത്തരത്തിലുള്ള സുരക്ഷാ വീഴ്ചകൂടി പരിഹരിക്കുന്നതിന് സംസ്ഥാനത്തെ കോടതികളേയും ജയിലുകളേയും ബന്ധിപ്പിച്ചുള്ള വീഡിയോകോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.373 കോടതികളിലും 53 ജയിലുകളിലുമായി 87 സ്റ്റുഡിയോകളും ഉൾപ്പെടെ 460 ലൊക്കേഷനുകളിലാണ് ടി സംവിധാനം സ്ഥാപിച്ചിട്ടുള്ളത്. 24.24 കോടി (ഇരുപത്തിനാല് കോടി ഇരുപത്തിനാല് ലക്ഷം) രൂപ പദ്ധതി ചെലവിൽ കെൽട്രോൺ മുഖേനയാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്.ഇതുവരെ 1,35,000 ലധികം റിമാന്റ് തടവുകാരെ ഇപ്രകാരം കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാകുന്നു. ടി പദ്ധതി വഴി തടവുകാരെ കോടതിയിൽ കൊണ്ടുപോകുമ്പോൾ സംഭവിക്കുന്ന സുരക്ഷാ വീഴ്ചകൾ ഒഴിവാക്കുവാൻ സാധിക്കുന്നതോടൊപ്പം ദിവസേന, തടവുകാരെ കോടതിയിൽ ഹാജരാക്കുവാൻ കൊണ്ടുപോകുവാൻ നിയോഗിക്കപ്പെടുന്ന ആയിരത്തിലധികം പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഒഴിവാക്കുവാനും അവരെ ക്രമസമാധാന പാലനത്തിന് വിനിയോഗിക്കുവാനും കഴിയുന്നുണ്ട്.

iii. പവ്വർഫെൻസിംഗ്

ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ പ്രിസണുകളിലും വിയ്യൂർ അതീവ സുരക്ഷാ ജയിലിലും പവ്വർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്.

iv. മെറ്റൽ ഡിറ്റക്ടർ, ബാഗ്ഗേജ് സ്കാനർ, ബയോമെട്രിക് അക്സസ്സ് കൺട്രോൾ സിസ്റ്റം.

സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, ആയുധങ്ങൾ ജയിലിനുള്ളിൽ എത്തുന്നത് കണ്ടെത്തുന്നതിനും മറ്റ് നിരോധിത ലോഹനിർമ്മിത വസ്തുക്കൾ ജയിലിനുള്ളിൽ എത്തുന്നത് തടയുന്നതിനുമായി, പുതിയതായി പ്രവർത്തനം തുടങ്ങിയ ഇടുക്കി ജില്ലാ ജയിലും ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിലും ഒഴികെയുള്ള എല്ലാ ജയിലുകളിലും ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ, ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ എന്നിവ നൽകിയിട്ടുണ്ട്.മൂന്ന് സെൻട്രൽ പ്രിസണുകളിലും വിയ്യൂർ അതീവ സുരക്ഷാ ജയിലിലും എക്സ്റേ ബാഗ്ഗേജ് സ്കാനറും സ്ഥാപിച്ചിട്ടുണ്ട്.സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിയ്യൂർ അതീവസുരക്ഷാ ജയിലിൽ ബയോമെട്രിക് അക്സസ്സ് കൺട്രോൾ സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്.

v. ടെട്രാ കമ്മ്യൂണിക്കേഷൻ സിസ്റ്റം

സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ ആധുനിക വയർലസ്സ് കമ്മ്യൂണിക്കേഷൻ സംവിധാനമായ ടെട്രാ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നു. 2,29,80,000 (രണ്ട് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപതിനായിരം) രൂപ പദ്ധതി ചെലവിൽ സിഡാക് ആണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നത്.

കൂടാതെ ജയിലുകളിൽ തടവുകാരുടെ പക്കൽ നിന്നും മൊബൈൽ ഫോൺ പോലുള്ളവ സെർച്ച് ചെയ്ത് കണ്ടെടുക്കുന്നതിന് പോലീസ് വകുപ്പിന്റെ സാങ്കേതിക സഹായവും ആവശ്യമനുസരിച്ച് തേടുന്നുണ്ട്.